എന്നെ സംബന്ധിച്ചേടത്തോളം മന്ത്രിമാരുടെ എണ്ണം ഞാൻ കണക്കാക്കുന്നില്ല. അഞ്ചു മന്ത്രിമാർ വേണ്ട, രണ്ടു മന്ത്രിമാർ വേണ്ട, ഒരു മന്ത്രി വേണ്ട, അരക്കാൽ മന്ത്രിയായാൽക്ഷേടി ആ അരക്കാൽ മന്ത്രിക്കു് അധികാരം ഉണ്ടോ എന്നുള്ള ഏക സംഗതി മാത്രമെ ഞാൻ പരിശോധിക്കുന്നുള്ളു. കൊച്ചിരാജ്യത്തെന്നുവേണ്ട ഉത്തരവാദിത്വഭരണത്തിനുവേണ്ടി ആഗ്രഹിക്കുന്ന ഏതൊരു രാജ്യത്തിലെ ജനതയുടേയും അഭിലാഷങ്ങളും പരിശോധിക്കുന്നപക്ഷം ജനപ്രതിനിധികളുടെ അഭിപ്രായങ്ങളെ ബഹുമാനിക്കണമെന്നുള്ള നിബ്ബന്ധിതമായ, ഒരു സ്ഥാനത്തിൽ ഇരിക്കുന്ന ഒരാളുടെ പക്കൽ ഭരണം കയ്യേല്പിക്കണമെന്നുള്ള ഒരു തത്വം ആണു് ഇന്നു് എവിടേയും പ്രചാരത്തിലിരിക്കുന്നതു്. എന്റെ സ്നേഹിതൻ മിസ്റ്റർ മൂത്തേടനു് ഇതിന്റെ അർത്ഥം മനസ്സിലാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കുവാൻ എനിക്കും പ്രയാസമാണു്. മന്ത്രിക്കു പകരം അദ്ധ്യക്ഷനെ തിരഞ്ഞെടുക്കാമെന്നു അദ്ദേഹം പറയുന്നു. ഞാൻ അതല്ലതെപ്പെടുന്നു. അദ്ധ്യക്ഷനെ തിരഞ്ഞെടുക്കുന്നതു് നല്ലതല്ലെന്നല്ല ഞാൻ പറയുന്നതു്. അദ്ധ്യക്ഷനും മന്ത്രിയും തമ്മിൽ എത്രയൊ വ്യത്യാസമുണ്ടെന്നു് എന്റെ മാന്യസ്നേഹിതൻ മനസ്സിലാക്കണം. അദ്ധ്യക്ഷനു് എന്നേയും എന്റെ സ്നേഹിതനേയും പിടിച്ചിരുത്തുവാനുള്ള അവകാശമുണ്ടായിരിക്കും. എന്നാൽ മന്ത്രിക്കു് കൊച്ചിരാജ്യത്തിലെ പതിന്നാലു ലക്ഷം ജനങ്ങളേയും രക്ഷിക്കുവാനും ശിക്ഷിക്കുവാനും ഉള്ള അധികാരം ഉണ്ടാകണം. അതുകൊണ്ടു് എന്റെ മാന്യസ്നേഹിതന്റെ ഈ ആശയങ്ങളും എത്രകാലം നി

LIBRARY ARCHIVES Kerala Legislative Assembly

ലനിവൃത്തിയാലും ഈ നിയമസഭയും കൊച്ചി ഗവമ്മെണ്ടും ആ ആശയങ്ങൾക്ക അവ അഹിക്കുന്ന വിലമാത്രമെ നൽകുകയുള്ളുവെന്ന എനിക്ക പരിപൂർണ്ണമായവിശ്വാസമുണ്ട്.

സർ, പരീക്ഷക്ക പോകുമ്പോൾ ചോദ്യക്കടലാസ്സിൽ ക ഠ ചോദ്യങ്ങൾ ഉണ്ടെങ്കിൽ ആ പത്തു ചോദ്യത്തിനും ഉത്തരമെഴുതുവാൻ അറിയുകയില്ലെന്നുള്ള കാരണംകൊണ്ട്, ൻ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടിയാലും പത്താം ചോദ്യത്തിന് ഉത്തരം കിട്ടിയില്ലെന്നുള്ള ദുർവ്വാശികൊണ്ട് ചോദ്യക്കടലാസ്സ വലിച്ചുകീറി പുറത്തുപോയി തോൽക്കുന്ന ഒരു വിദ്യാർത്ഥിയും, പത്തുചോദ്യത്തിൽ മൂന്ന ചോദ്യത്തിന് ഉത്തരമെഴുതി ജയിക്കുന്ന ഒരു വിദ്യാർത്ഥിയും തമ്മിൽ പ്രായോഗികമായി എത്രകണ്ട വ്യത്യാസമുണ്ടോ അത്രക്കുള്ള വ്യത്യാസമാണ് എന്റെ മാന്യ സ്നേഹിതൻ ഇന്ന ആവശ്യപ്പെട്ടന്ന മാറ്റവും ഈ പ്രമേയത്തിൽ മൂന്ന വകുപ്പുകളും വിട്ടതരണമെന്ന പറഞ്ഞിരിക്കുന്നതും തമ്മിൽ.

Mr. A. V. Moothedan *(Chalakkudi):* The analogy is totally incorrect.

മിസ്റ്റർ എം. കെ. ദേവസ്സി: കായ്ങ്ങളും പറഞ്ഞാൽ ശരിയായി മനസ്സിലാക്കുവാൻ സാധിക്കാത്തവരോട് ഉപമകളും പറഞ്ഞു മനസ്സിലാക്കുവാൻ ഞാൻ ശ്രമിച്ചു (ചിരി) ഉപമകളും പറഞ്ഞു തോറ്റാൽപിന്നെ രക്ഷയില്ല. അതുകൊണ്ട് എന്റെ സ്നേഹിതനോട് ഞാൻ തോറ്റുഎന്ന എനിക്ക സമ്മതിക്കാതെ തരമില്ല.

Mr. A. V. Moothedan *(Chalakkudi):* There is an inherent admission on your part that we are not fit for full responsible Government.

മിസ്റ്റർ എം. കെ. ദേവസ്സി: എനിക്ക് ഇനി ഗവമ്മെണ്ടിനോടാണ് ഒരഭ്യർത്ഥനയുള്ളത്. ഗവമ്മെണ്ട് എന്താണ ചെയ്യുവാൻപോകുന്നതെന്ന എനിക്കറിഞ്ഞുകൂടാ. സ്വീകരിക്കുകയാണെങ്കിൽ വളരെ സന്തോഷമാണ്. എത്രകാലം വേണമെങ്കിലും നന്ദി പറയുവാനും ഒരുക്കമാണ്. അഥവാ സ്വീകരിക്കാത്തപക്ഷം ഇതിന്റെ പ്രായോഗികവശങ്ങളും ഒന്ന പരിശോധിക്കുവാൻ ഞാൻ ഗവമ്മെണ്ടിനോട് അഭ്യർത്ഥിക്കുന്ന. കുറച്ചുകാലത്തിനുമുമ്പ് ഇവിടെ ഒരു ഭരണപരിഷ്കാരം ഉണ്ടായപ്പോൾ കൊച്ചിയിലെ ജനങ്ങൾ എല്ലാവരുംതന്നെ ആ ഭരണപരിഷ്കാരത്തെ പുകഴ്ത്തുകയും, അതു നൽകുവാൻ സന്മനസ്സുണ്ടായ ഗവമ്മെണ്ടിനെ പ്രശംസിക്കുകയുംചെയ്തു. യഥാർത്ഥം പറയുകയാണെങ്കിൽ ഗവമ്മെണ്ട് ഓഫ് കൊച്ചിൻ ആക്ടെന്ന നിലയിൽ ഒരു കോൺസ്റ്റിട്ടൂഷനൽ ആക്ട് ഒരു നാട്ടരാജ്യത്തു് ഉണ്ടാകുകയെന്നുള്ളതു് വളരെ വലിയൊരു പരിഷ്കാരമാണെന്ന വിശ്വസിക്കുന്ന ഒരാളാണ ഞാൻ. എന്നാൽ ആകാലത്തു് ഇന്ന ഈ നിയമസഭയിലുള്ള പലരും പറഞ്ഞിട്ടുള്ളതു് ഞങ്ങൾ ഈ ഭരണപരിഷ്കാരത്തെ പുകഴ്ത്തുന്നതുകൊണ്ട് മേലാൽ ഉത്തരവാദിതഭരണം ആവശ്യപ്പെടുവാനുള്ള ഞങ്ങളുടെ അവകാശങ്ങളെ ബലികഴിച്ചുകൊണ്ടുള്ള ഒരു രാജിഹരജിയല്ലെന്നു് ഗവമ്മെണ്ടു് വിശ്വസിക്കണമെന്നാണ്. എന്റെ സ്നേഹിതൻ മിസ്റ്റർ മൂത്തേടൻ പറഞ്ഞ കാരണങ്ങൾകൊണ്ടാണെങ്കിലും ബ്രിട്ടീഷിൻഡ്യയിലേയും മറവും അനുഭവങ്ങൾ പരിശോധിക്കുന്നപക്ഷം ദ്വിഭരണത്തെപ്പോലെ ഇത്ര വിഷമമേറിയ ഒരു ഭരണസമ്പ്രദായം ഉണ്ടോഎന്ന സംശയമാണ്. ഭാരതത്തിലെ എല്ലാ രാഷ്ട്രീയചിന്തകന്മാരും ഒരുപോലെ വിഷമമുണ്ടെന്ന സമ്മതിച്ചിട്ടുള്ള ഒരു ഭരണസമ്പ്രദായമാകുന്ന ഡയാക്കിയെ ഇവിടത്തെ ഗവമ്മെണ്ടും മന്ത്രിയും അല്ലെങ്കിൽ മന്ത്രിയുടെ കക്ഷിയും മിക്കവാറും യാതൊരു യോജിപ്പുകേടുമില്ലാതെ വിജയകരമായി നടത്തിവരുന്നുണ്ടെന്നുള്ളതിനെക്കാളും കൂടുതലായ ഒരു യോഗ്യത ഇക്കാര്യത്തിൽ ഇന്ന കൊച്ചിസംസ്ഥാനത്തിലെ ജനപ്രതിനിധികൾക്ക വേണമെന്ന എനിക്ക തോന്നുന്നില്ല. (ഹിയർ, ഹിയർ) അത്ര വിഷമമുണ്ടെന്ന സമ്മതിക്കുന്ന ഒരു ഭരണസംപ്രദായം ഞങ്ങളുടെ കയ്യിൽ ഏല്പിച്ചപ്പോഴും അതു വിജയപ്രദമായി നടക്കുന്നുണ്ടെന്ന ഗവമ്മെണ്ടുപോലും പലതവണ സമ്മതിച്ചിട്ടുള്ള സ്ഥിതിക്ക്, ഇനി നിങ്ങളുടെ സമ്മതപ്രകാരം നിങ്ങൾ ഞങ്ങൾക്ക തന്നിട്ടുള്ള ആശയെ പരിപാലിക്കുക. നാലു കൊല്ലങ്ങൾക്കുമുമ്പു് സർ ഷൺമുഖംചെട്ടി ഈ നിയമസഭയിൽവെച്ചു നമ്മുടെ മഹാരാജാവു തിരുമനസ്സിലെ പ്രതിനിധിയെന്ന നിലയിൽ ഇവിടെ പറയുകയുണ്ടായിട്ടുണ്ട്, "ഇന്ന നിങ്ങൾ ഉത്തരവാദിതഭരണത്തിന്റെ ഒരു വിത്തു് കുഴിച്ചിടുക; അതിൽനിന്നു് ഒരു ചെടി വളരുകയും, ആ ചെടിക്കുനിങ്ങൾ വളവും വെള്ളവും കൊട്ടുത്തു വളർത്തുന്നതോടുകൂടി അതു നിങ്ങൾക്ക പുഷ്പ്പം തരാതിരിക്കുകയില്ല. ആ പുഷ്പത്തിന്റെ സുഗന്ധം കൊച്ചിരാജ്യനിവാസികൾക്ക ആസ്വദിക്കാം" സർ, ഞാൻ പറയുന്നതു്, ഇപ്പോൾ ആ ചെടി വളർന്നുകഴിഞ്ഞു, പുഷ്പവും ആയി. പക്ഷെ ഈ സമയത്തു നിങ്ങൾ അതു് പുഷ്പമായി എന്ന സമ്മതിക്കുന്നില്ലെങ്കിൽ വളരെ കഷ്ടമാണ്,

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ജെ. മത്തായി: പൂവ്വിൽനിന്നു കായംകുടി വരും എന്നു പറഞ്ഞു. പൂവ്വണ്ടാകുമെന്നു പറഞ്ഞതു ഡെപ്യൂട്ടി പ്രസിഡെണ്ടാണു". പൂവ്വ് വീണാപോകുമെന്നും അദ്ദേഹം പറയുകയുണ്ടായി.

മിസ്റ്റർ എം. കെ. ദേവസ്സി: അതുകൊണ്ടു് സുദീഘ്രമായ ഒരു പ്രസംഗത്തിന്റെ ഒരാവശ്യവും ഈ വിഷയത്തിലില്ലതന്നെ. മുമ്പൊരവസരത്തിൽ ഞാൻ പറഞ്ഞിട്ടുള്ളതുപോലെ കൊച്ചി രാജ്യത്തു് എത്രകണ്ടു രാഷ്ട്രീയകക്ഷികൾ ഉണ്ടായാലും ശരി ഉത്തരവാദിത്വഭരണത്തെപ്പറ്റി ഒരൊറ്റ രാഷ്ട്രീയകക്ഷിയെ ഉള്ളു. ആ രാഷ്ട്രീയകക്ഷിയിൽ കൊച്ചി രാജ്യത്തിലെ മുഴുലക്ഷം ജനങ്ങളും അംഗങ്ങളാണു". അവരുടെ ന്യായമായ അവകാശങ്ങളെ ബഹുമാനിക്കുകയെന്നുള്ളതു" കൊച്ചി രാജ്യത്തിന്റെ പ്രശംസയെ സമ്പാദിക്കുവാനും അതിനെ നിലനിറുത്തുവാനുംവേണ്ടി ഗവണ്മെണ്ടിനു ചെയ്യാവുന്ന ബുദ്ധിപൂർവ്വകമായ ഒരു പ്രവൃത്തിയായിരിക്കുമെന്നു മനസ്സിലാക്കിയാൽകൊള്ളാമെന്നു എനിക്കാഗ്രഹമുണ്ടു". ഇന്നു" ഈ നിയമസഭയിൽ പാസാക്കുന്ന ഈ പ്രമേയവും, ഇതിനെസംബന്ധിച്ചു ഇവിടെയുണ്ടായിട്ടുള്ള ജനപ്രതിനിധികളും ഓരോരുത്തരുടേയും അഭിപ്രായവും എത്തേണ്ട സ്ഥാനത്തു" അതർഹിക്കുന്നതായ പ്രാധാന്യത്തോടും മനഃശുദ്ധിയോടുംകൂടി എത്തുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

***Mr. V. K. Bhaskara Menon** *(Cranganur)*: Sir, it is very surprising to find that it is a feature of the deliberations of this House that resolutions of this sort are tabled in season and out of season without reference whatsoever to the particular condition of time in which they are being moved. My submission to this House is that it is extremely unhappy that a member of the Ministerialist Party, Mr. Moni, should have moved this resolution in these very grave times. I oppose this resolution on two grounds, first being that this is not the proper time for us to move for more work to be transferred to the Minister and secondly even if these departments are transferred the Minister may not be in a position to attend to them properly. Practically these two aspects form part of the same opposition. My submission to this House is that practically the all important question for all Cochinites is not the question of self-government or the administration of transferred subjects or the administration of more transferred subjects. The only thing in which we are now interested is the winning of the war. Now, Sir, a minister has been appointed to administer the transferred subjects, three or four subjects which might practically take up the time of any ordinary man and he has now been saddled with that tremendous responsibility of being the State Leader of the National War Front. Sir, with such a tremendous responsibility on his shoulders I am of opinion that his administration of the transferred subjects has really suffered. I am not saying for a moment that he is not doing the thing to the best of his abilities. But I say no human being can really tackle the problem of war as it ought to be done if he has got other things to attend to. The resolution is worded that three more departments must be transferred to the Minister. The resolution definitely says that the Hon'ble Mr. T. K. Nayar sitting opposite to me should be given the task of administering three more departments. My submission to this House is that it is very unfair that the Hon'ble Minister should be saddled with the task especially as it has been made evident both in this House and outside that the only thing that any Cochinite can do and ought to do is to attempt to win the war. Now, it has been argued by Mr. Devassi—I was distinctly unfortunate I was not able to hear him when he began some of the interesting statements he made. Some of the interesting statements which he made were to the effect that the final goal of responsible government was promised by Sir Shanmukham Chetty. Though according to him it is not time for the State to be regarded to have achieved that goal the inhabitants of the State, because of their remarkable intelligence and success which they have shown in the working of the transferred departments they should be given at least three more departments. I fully disagree with this statement. Practically what has been done by the transfer of these few departments is that instead of having two Secretaries in the Secretariat and the Diwan there has been two Diwans and two Secretaries. The real vital factor which really matters is the control of the Purse and without that if you transfer some more departments the only good that can be done is to overburden an already overworked non-official without in any way achieving the goal. These three departments will have to depend solely upon the finances allotted by the reserved half. If that is so, I cannot understand how anybody can say that the juicy fruit of responsible self-government can ever be swallowed or tasted as long as

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

that most vital department of finance is being controlled and which will be removed from the purview of self-government.

Now, one more point I forgot to mention with the war effort of the Hon'ble Minister which might stand in the way of really accepting the principle of this resolution is this. It has been ruled that anything which impedes the war effort is against public interest. Adjournment motions are being ruled out of order merely on that ground. If this resolution is accepted by this House and our Government have got to think about the ways and means of bringing into active work the principles underlying this resolution my submission to this House is that it will seriously handicap the war efforts of the Government as well and therefore I say in the public interests my submission to this House is that this House should throw out this resolution because this House has not the right to rule this as out of order. I therefore oppose this motion.

മിസ്റ്റർ സി. വി. ഇയ്യു: സ്പർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ സാമാന്യ നിയോജക മണ്ഡലം മെമ്പർ പറഞ്ഞതിനോട് എനിക്കു തീരെ യോജിക്കാൻ നിവൃത്തി ഇല്ല. കൂടെക്കൂടി ഡിപ്പാർട്ട്മെണ്ടുകൾ ജനകീയ മന്ത്രിക്കു വിട്ടുകൊടുക്കുന്നതുകൊണ്ട് യുദ്ധസഹായോദ്യമങ്ങൾക്ക് കൂടുതൽ പ്രയോജനമാണ് ഉണ്ടായിത്തീരുകയെന്നുള്ള അഭിപ്രായത്തെ ആസ്പദമാക്കിയാണ് ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നത്.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: അങ്ങിനെയുള്ള ഡിപ്പാർട്ട്മെണ്ടുകൾ മാത്രമാണെങ്കിൽ വിട്ടുകൊടുക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ.

മിസ്റ്റർ സി വി. ഇയ്യു: സാധരണയായി ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മെമ്പറും ഞാനുംകൂടി അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാറില്ല.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: ഇപ്പോഴുമില്ല. ഒട്ടുമില്ല.

മിസ്റ്റർ സി. വി. ഇയ്യു: യുദ്ധസഹായപരിശ്രമങ്ങളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രിക്കുള്ള ജോലിയുടെ ആധിക്യംകൊണ്ടും, ദേശീയമുന്നണിയിൽ നേതാവെന്ന നിലയിൽ അദ്ദേഹത്തിനുള്ള ചുമതലപ്പെട്ട ജോലികൾക്കിടയിൽ ഈ രണ്ടു മൂന്നു ഡിപ്പാർട്ട്മെണ്ടുകൾകൂടി വിട്ടുകൊടുത്താൽ ആ ചുമതലകൾ ദോഷം നേരിടുമോ എന്നുള്ള അദ്ദേഹത്തിന്റെ ഭയം അടിസ്ഥാനരഹിതമാണ്. യുദ്ധംതന്നെ നടക്കുന്നതു് രണ്ടു പ്രധാന ആദർശങ്ങൾ തമ്മിലാണെന്നാണ് ഇന്നു ലോകം സമ്മതിച്ചിട്ടുള്ളതു്. സങ്കലിത കക്ഷികളുടെ ആദർശം, ഉത്തരവാദിത്പഭരണത്തിന്റെ പരമ കാഷ്ഠയായിട്ടുള്ള ആദർശമാണെന്നും, അതിലേക്കു് ലോകത്തിലെ എല്ലാ ജാതിയിലും മതത്തിലും ഉൾപ്പെടുന്ന മനുഷ്യരേയും എത്തിച്ചു് ലോകത്തിൽ പൊതുവെ സമത്വവും സാഹോദര്യവും സ്വാതന്ത്ര്യവും സ്ഥാപിക്കണമെന്നുള്ളതാണ് അറ്റ്ലാന്റിക്ക ചാർട്ടറിന്റെ തത്വം എന്നു ലോകം മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടായിരിക്കും. സങ്കലിത കക്ഷികളെ എതിർക്കുന്ന അച്ചുതണ്ടു ശക്തികളുടെ ആദർശം ഉത്തരവാദിത്പഭരണമെന്നോ ജനകീയ ഭരണമെന്നോ ജനകീക താല്പര്യമെന്നോ പറയുന്നതിന്റെ ഘടകവിരോധവും സർവ്വാധിപത്യത്തിന്റെ നേതൃത്വത്തിൽ സകലജാതിമതസ്ഥരും തല കുനിച്ചു് സമ്മതിച്ചു കൊടുക്കണമെന്നുള്ള തത്വത്തെയുമാണ് ആസ്പദമാക്കിയിരിക്കുന്നതു്.

ഇന്നു നമ്മുടെ ഭരണസമ്പ്രദായം നടന്നുവരുന്നതു് ദത്തവകുപ്പുകളെന്നും അദത്തവകുപ്പുകളെന്നും രണ്ടു തരം വകുപ്പുകളായിട്ടാണല്ലോ. ദത്തമല്ലാത്ത വകുപ്പുകളെ യഥാർത്ഥത്തിലുള്ള ജനകീയതത്വത്തിന്റെ കീഴിൽ ആക്കുവാനുള്ള പരിശ്രമങ്ങളുടെ ഒരു ശകലമായിട്ടാണ് നാം ഈ പ്രമേയത്തെ വിചാരിക്കേണ്ടതു്. ജനകീയ ഭരണത്തിന്റെ ഒരു നിഴലായിട്ടാണ് ഇന്നു് ഒരു മന്ത്രിയെ ചില ദത്തവകുപ്പുകൾ ഏല്പിച്ചിട്ടുള്ളതു്. ഡിപ്പാർട്ട്മെണ്ടുകൾ കൂടുതൽ കൂടുതൽ കൊടുക്കുന്നതുകൊണ്ടു് യുദ്ധസഹായോദ്യമങ്ങൾക്കു് ജനകീയാതാല്പര്യങ്ങൾ അനുകൂലമായി തീരുന്നതും, ആ കാരണംകൊണ്ടു് ഇതു ജനങ്ങളുടെ യുദ്ധമാണെന്ന അവർക്കു ബോധ്യപ്പെടുവാൻ സാധിക്കുന്നതുമാകയാൽ വെറുതെ കടലാസു് നഷ്ടപ്പെടുമെന്നോ സമയം നഷ്ടപ്പെടുമെന്നോ ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മെമ്പർ വിചാരിച്ചിട്ടുണ്ടെങ്കിൽ അതു മിഥ്യാബോധമാണ്. സങ്കലിത കക്ഷികൾ ഇന്നു് ഏതു് ആദർശത്തോടുകൂടി യുദ്ധം ചെയ്യുവരുന്നുവോ ആ ആദർശം കൂടുതൽ കൂടുതലായി വരിക്കുന്നതു ഇവിടത്തെ യുദ്ധസഹായപരിശ്രമങ്ങൾക്കു കൂടുതൽ ഫലപ്രാപ്തിയും പ്രയോജനവും ഉണ്ടാക്കുമെന്നുള്ള പ്രധാന കാരണത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ മൂന്നു ഡിപ്പാർട്ട്മെണ്ടുകൾകൂടി ബഹുമാനപ്പെട്ട മന്ത്രിക്കു വിട്ടുകൊടുക്ക

LIBRARY ARCHIVES Kerala Legislative Assembly

ണമെന്നുള്ള പ്രമേയത്തെ അനുകൂലിപ്പാൻ ഞാൻ ഈ ബഹുമാനപ്പെട്ട സഭയെ ഉൽബോധിപ്പിക്കുന്നതു്.

ബഹുമാനപ്പെട്ട കൊട്ടങ്ങല്ലൂർ മെമ്പർ പറഞ്ഞിട്ടുള്ള ഒരു ന്യായം ഇങ്ങിനെയുള്ള ഡിപ്പാർട്ട്മെണ്ടുകൾ വിട്ടുകൊടുക്കുന്നതിനേക്കാൾ അത്യുത്തമമായിട്ടുള്ളതു് ധനകാര്യ ഡിപ്പാർട്ട്മെണ്ടു് ബഹുമാനപ്പെട്ട മന്ത്രിക്കു വിട്ടുകൊടുക്കുകയായിരിക്കും നല്ലതെന്നാണു്. വളരെ ആദർശപരമായ ഒന്നാണതു്. ഭരണവകുപ്പിലേക്കു വിട്ടുകൊടുക്കാവുന്ന എല്ലാ ഡിപ്പാർട്ട്മെണ്ടുകളും അതോടുകൂടി ധനകാര്യ ഡിപ്പാർട്ട്മെണ്ടും വിട്ടുകൊടുത്താൽ അതും കുറെകൂടി നന്നായിരിക്കും. ആ ആദർശത്തിലേക്കു് എത്തുവാനുള്ള ഓരോ പടികളാണു് നമ്മുടെ മന്ത്രിക്കു ഇപ്പോൾ കൊടുത്തിട്ടുള്ള കൂടുതൽ അധികാരങ്ങൾ. അങ്ങിനെ പടിപ്പടിയായി പോയിട്ടാണു് ഉത്തരവാദിഭരണത്തിന്റെ പരമ കാഷ്ഠയിൽ എത്തേണ്ടതു്.

മിസ്റ്റർ എ. വി. മുത്തേടൻ: എന്താണു് അങ്ങിനെ പടിപ്പടിയായി പോകേണ്ട ആവശ്യം?

മിസ്റ്റർ സി. വി. ഇയ്യു: കീഴ്പോട്ട പോകുകയാണെങ്കിൽ ഒന്നിച്ചു് ചാടുവാൻ വിരോധമില്ല.

മിസ്റ്റർ വി. ജെ. മത്തായി: ഒന്നിച്ചെടുത്തു ചാടുകയാണെങ്കിലോ?

മിസ്റ്റർ സി. വി. ഇയ്യു: വിവരമുള്ളവരാരും ചാടുകയില്ല. മേൽപോട്ട കയറണമെങ്കിൽ കോണിപ്പടിയിൽകൂടി പടിപ്പടിയായി മയ്യാദയായിട്ടു കയറി പോകണം. മയ്യാദയില്ലെങ്കിൽ എടുത്തു ചാട്ടം.

മിസ്റ്റർ എ. വി. മുത്തേടൻ: ഏലക്ടിക്കു് ലിഫ്ടിൽ കയറിയിരുന്നാൽ പെട്ടെന്നു മേൽപോട്ട പോകാൻ സാധിക്കും.

മിസ്റ്റർ സി. വി. ഇയ്യു: ഏലക്ടിക്കു ലിഫ്ടിൽ കയറിയാലും വളരെ അധികം പൊക്കത്തിൽ, സ്വർഗ്ഗത്തിലെത്തണമെന്നുവെച്ചാൽ സാദ്ധ്യമല്ല. അതുകൊണ്ടു് സാധാരണനിലയിൽ വകതിരിവോടുകൂടി കാര്യങ്ങൾ കൊണ്ടുപോകണമെന്നു വിചാരിക്കുന്നവർ പടിപ്പടിയായിട്ടുള്ള കയറ്റം മതിയെന്നാണു് വിചാരിക്കുക. ഞാൻ റവലൂഷനെ (Revolution) യല്ല, (Evolution) എവലൂഷനെയാണു് കാംക്ഷിക്കുന്നതു്. ധനകാര്യ വകുപ്പു് വിട്ടുകൊടുക്കുകയെന്നുള്ളതു് ആദർശപരമാണെങ്കിലും ഇപ്പോൾ അതു് ആവശ്യപ്പെടുന്നതിനേക്കാൾ ഭേദം അതല്ലാത്ത ചില ഡിപ്പാർട്ട്മെണ്ടുകൾ, അതായതു് ബഹുമാനപ്പെട്ട മന്ത്രിയെ ഇപ്പോൾ ഏല്പിച്ചിട്ടുള്ള നേഷൻ ബിൽഡിംഗു് ഡിപ്പാർട്ട്മെണ്ടുകൾ പോലെയുള്ള രണ്ടു മൂന്നു ഡിപ്പാർട്ട്മെണ്ടുകൾ—വിദ്യാഭ്യാസം, വൈദ്യസഹായം, പൊതുമരാമത്തു് ഇവകൾ - വിട്ടുതരണമെന്നാണു് ഈ പ്രമേയംവഴി ആവശ്യപ്പെടുന്നതാണു് ബുദ്ധിപൂർവ്വം. ഈ സഭ പരിപൂർണ്ണ ഉത്തരവാദിതത്തിന്റെ ആദർശം സ്വീകരിച്ചുകൊണ്ടു് പലപ്പോഴും ഇവിടെ പ്രമേയങ്ങൾ പാസാക്കീട്ടുണ്ടു്. വേറെ ഒരു മന്ത്രിയെകൂടി വെച്ചുകിട്ടണമെന്നുള്ള ഇപ്പോഴത്തെ ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു പ്രമേയംതന്നെ ഇവിടെ പാസാക്കീട്ടുണ്ടു്. ഈ പ്രമേയം അതിനേക്കാൾ കുറെകൂടി പരിമിതമായിട്ടുള്ളതാണു്. കൊച്ചിയിലെ ഭരണഘടനാനിയമത്തിന്റെ ഒരക്ഷരംപോലും ഭേദഗതിചെയ്യാതെ, ആ ഭരണഘടനയുടെ പരിധിക്കുള്ളിൽനിന്നുകൊണ്ടു്, അതിനു യാതൊരു വ്യതിയാനവും വരാത്തവിധത്തിൽതന്നെ ഇപ്പോഴുള്ള മന്ത്രിക്കു കുറെ ഡിപ്പാർട്ട്മെണ്ടുകൾകൂടി ട്രാൻസ്ഫർ ചെയ്യണമെന്നുള്ള ഏറ്റവും പരിമിതമായ ഈ സഭയുടെ അപേക്ഷയെ ബഹുമാനപ്പെട്ട ഗവൺമെണ്ടു് മഹാരാജാവു തിരുമനസ്സിലെ തിരുമുമ്പിൽ എത്തിക്കണമെന്നു അപേക്ഷയുണ്ടു്. ഇപ്പോഴത്തെ മഹാരാജാവു തിരുമനസ്സിലെ പ്രത്യേക കാരുണ്യത്താൽ മുമ്പിലത്തെ മന്ത്രിക്കു കൊടുത്തിട്ടുണ്ടായിരുന്നതിനേക്കാൾ കൂടുതൽ അധികാരങ്ങൾ ഇപ്പോഴത്തെ മന്ത്രിക്കു വിട്ടുകൊടുത്തിട്ടുള്ളതിനെ ഞങ്ങൾ സന്തോഷപൂർവ്വമായും കൃതജ്ഞതയോടുകൂടിയും അനുസ്മരിക്കുന്നു. അതുകൊണ്ടുതന്നെ തിരുമനസ്സിനോടുള്ള ഈ അഭ്യർത്ഥനയും അവിടുന്നു അനുവദിക്കുമെന്നു വിശ്വസിക്കാം. മന്ത്രിയുടെ യുദ്ധസഹായ പരിശ്രമങ്ങൾക്കു കൂടുതൽ സഹായമായിട്ടുള്ള ഈ പ്രമേയത്തെ ഈ സഭ അനുകൂലിക്കേണ്ടതാണെന്നുള്ള എന്റെ അഭിപ്രായത്തെ ഇവിടെ രേഖപ്പെടുത്തികൊണ്ടു് ഞാൻ വിരമിക്കുന്നു.

മിസ്റ്റർ സി. കെ. നായർ: സർ, മഹാരാജാക്കന്മാരുടെ പരമാധികാരത്തിൻകീഴിലുള്ള പരിപൂർണ്ണമായ ഉത്തരവാദിതഭരണം നാട്ടുരാജ്യങ്ങളുടെ ജന്മാവകാശമാണെന്നുള്ള പരമാ

LIBRARY ARCHIVES Kerala Legislative Assembly

ത്ഥം രാഷ്ട്രീയ ചിന്തകന്മാരെല്ലാം സമ്മതിച്ചുകഴിഞ്ഞിട്ടുള്ളതാണു്. ഈ നിയമസഭയും അതേ വിധത്തിലുള്ള അഭിപ്രായം പറയുകയും, പരിപൂർണ്ണമായ ഉത്തരവാദിത്വഭരണത്തിനുവേണ്ടി വാദിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ അങ്ങിനെ വാദിച്ചിരുന്നകാലത്താകട്ടെ, പരിപൂർണ്ണമായ ഉത്തരവാദിത്വഭരണം എന്ന പദം പ്രയോഗിച്ചു് ആ വഴിയിൽകൂടി കൊച്ചി ഗവമ്മെണ്ടിനെ തിരിക്കുവാൻ ഈ നിയമസഭ പരിശ്രമിച്ചിരുന്നകാലത്താകട്ടെ, കൊച്ചിയിൽ ഉണ്ടായിരുന്നതു് യഥാർത്ഥത്തിൽ ശരിയായ അർത്ഥത്തിലുള്ള ഒരു ഗവമ്മെണ്ടായിരുന്നുവൊ എന്ന സംശയമാണു്. ഗവമ്മെണ്ടു് എന്ന പദത്തിനുള്ള ശരിയായ അർത്ഥം നാട്ടുകാരുടെ, ജനങ്ങളുടെ, പ്രജാസമൂഹത്തിന്റെ കായ്ക്ഷേമം നോക്കുന്നതിനു് അവരാൽ സംസ്ഥാപിതമായിട്ടുള്ളതും സംഘടിതമായ നിയമങ്ങളാൽ നിയന്ത്രിതമായിട്ടുള്ളതുമായ സ്ഥാപനം എന്നാണെങ്കിൽ, കൊച്ചിയിൽ ഒരു ഗവമ്മെണ്ടു് ഉണ്ടായതു് ഫ ഫ നു-ൽ ഒരു ഭരണഘടന ഉണ്ടായതിനുശേഷം മാത്രമാണു്. ഗവമ്മെണ്ടു് എന്ന പദത്തിനു് ഒരു വ്യാഖ്യാനം നൽകുവാൻപോലും സാധിക്കാതെ ഈ നിയമസഭയിലെ ട്രഷറി ബഞ്ചു് ഒരുകാലത്തു് കഴഞ്ഞിയതായി ഞാൻ ഓർക്കുന്നുണ്ടു്. ആ ദോഷം തീർന്നതു് ഇവിടത്തെ ഭരണഘടനയുടെ ആവിർഭാവത്തിനുശേഷം മാത്രമാണു്. അങ്ങിനെ ഒരു ഭരണഘടന നമുക്കു സംസിദ്ധമായതോടുകൂടി ജനങ്ങൾക്കുവേണ്ടി ജനങ്ങളെ ജനങ്ങൾ ഭരിക്കുകയെന്നുള്ള തത്വത്തെ അടിസ്ഥാനപ്പെടുത്തി ഒരു മന്ത്രിയേയും നമുക്കു ലഭിക്കയുണ്ടായി. എന്നുവെച്ചാൽ പരിപൂർണ്ണമായ ഉത്തരവാദഭരണക്ഷേത്രത്തിലേക്കു് അഭിമുഖമായി കിടക്കുന്ന റോഡിൽകൂടി അഞ്ചാറു് അടി വെക്കാനുള്ള അനുവാദം നമുക്കു കൈവരികയുണ്ടായി. നമ്മുടെ ഗവമ്മെണ്ടു് നമ്മെ അവിടത്തന്നെ നിശ്ചലം നിർത്തിയിരിക്കയാണിപ്പോൾ. പുരോഗമന പഥത്തിലൂടെയുള്ള ഈ യാത്ര തുടരുവാൻ കൊച്ചിയിലെ ഗവമ്മെണ്ടു് നമ്മെ അനുവദിക്കുന്നുണ്ടോ എന്നു നോക്കു്കൊണ്ടാണിതരരാജ്യക്കാരിന്നു നിലകൊള്ളുന്നതു്. ഭരണപരിഷ്കാരം ഇനിയും ഇവിടെ പുരോഗമിക്കാതിരിക്കയാണെങ്കിൽ, ഭരണപരിഷ്കാരത്തെ യഥാവിധി കൊണ്ടുനടക്കുവാനുള്ള ശേഷിയും ശുശ്രൂഷിയും ഇവിടത്തെ ജനതതിക്കില്ലെന്നൊ, ഭരണഭാരം കായ്ക്ഷമതയോടുകൂടി കയ്യേറ്റു നടത്തുവാനുള്ള ജനങ്ങളുടെ പ്രാപ്തി എത്രതന്നെ പ്രശംസനീയമായാലും ഭരണാധികാരം കൈവിട്ടു കൊടുക്കുവാൻ ഗവമ്മെണ്ടു തയ്യാറില്ലെന്നൊ അർത്ഥമാക്കുകയായിരിക്കും അവർ—ഇതരരാജ്യക്കാർ ചെയ്യുക. ഇതിൽ ആദ്യത്തേതു് അവാസ്തവവും രണ്ടാമത്തേതു് ഗവമ്മെണ്ടിനു് അഭിമാനക്ഷയവുമാകുന്നു. ഈ അഭിമാനക്ഷയത്തിന്റെ പരിഹാരം ഭരണപരിഷ്കാരവിപുലീകരണംവഴിവേണം നേടുവാൻ. പരിപൂർണ്ണമായ ഉത്തരവാദിത്വഭരണമാണതിന്റെ ലക്ഷ്യം. പക്ഷെ നമ്മുടെ ഭരണഘടനാത്രുപവൽക്കരണം അതിന്റെ പരമാധികാരം വഹിക്കുന്ന പൌരസഞ്ചയത്തിന്റെ തലക്കുമീതെ നടന്നതാകയാൽ പരിപൂർണ്ണമായ ഉത്തരവാദിത്വഭരണം സ്വയം നമുക്കു കരഗതമാകയില്ല. അധികാരം പിടിച്ചുവാങ്ങുക എന്നുള്ള നിലയിൽ നാം എത്തിയിട്ടുമില്ല. അധികാരം ചോദിച്ചുവാങ്ങലാണു് ഇന്നത്തെ നമ്മുടെ കടമ. നമ്മുടെ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഉത്തരവാദിത്വഭരണത്തിന്റെ ആദ്യത്തെ പടി നമുക്കു് എന്ന അനുവദിച്ചുതന്നുവോ അന്നുമുതൽ നാം അനുഗ്രഹീതരാണു്. കൊച്ചിയിലെ ജനസഞ്ചയത്തെ പരിപൂർണ്ണമായ ഉത്തരവാദിത്വഭണംകൊണ്ടു് അനുഗ്രഹിക്കുവാൻ പ്രജാവത്സലനായ മഹാരാജാവു തിരുമനസ്സുകൊണ്ടു് തയ്യാറാണെന്നുള്ളതു് സംശയരഹിതമാണു്. ഈ നിലക്കു് ഭരണകായ്ക്കുള്ളിൽ കഴപ്പും വരാതിരിക്കത്തക്കവണ്ണം സമുദായസേവനപരങ്ങളായ വകുപ്പുകളെ ചോദിച്ചുവാങ്ങുകയെന്നുള്ള നയം മാത്രമേ ഇപ്പോൾ അനുദ്യോഗസ്ഥന്മാർ സ്വീകരിച്ചുകൂടൂ. ഈ നയം മാത്രമാണു് ഈ പ്രമേയത്തിൽ പ്രതിബിംബിച്ചുകാണുന്നതും. വിദ്യാഭ്യാസം, വൈദ്യം, പൊതുമരാമത്തു് എന്നീ മൂന്നു വകുപ്പുകളും ജനസമുദായസേവാപരങ്ങളാകുന്നു. അതിനാലാണു് മറ്റെല്ലാവകുപ്പുകളേക്കാളും, മന്ത്രിക്കു വിട്ടുകൊടുത്തിട്ടുള്ള മറ്റു വകുപ്പുകളെ അപേക്ഷിച്ചും, കൂടുതൽ പ്രാധാന്യം അർഹിക്കുന്നതും പ്രാധാന്യം കല്പിക്കപ്പെടേണ്ടതും ആയ ഈ മൂന്നു വകുപ്പുകളും അനുദ്യോഗസ്ഥപക്ഷത്തുനിന്നും ചോദിക്കുന്നതു്. അതു വിട്ടുകൊടുക്കുവാൻ ഗവമ്മെണ്ടു ഇനിയും വിസമ്മതിക്കുന്നുണ്ടെങ്കിൽ ഇതുവരെ ഗവമ്മെണ്ടു ഈ വിഷയത്തിൽ അനുഷ്ഠിച്ചിട്ടുള്ള നയം വെറും പൊള്ളയായിരുന്നുവെന്നു, അവരുടെ പ്രസ്താവനകൾ അർത്ഥമില്ലാത്ത ശബ്ദഘോഷം മാത്രമായിരുന്നു എന്നു പറയേണ്ടിവരും. അതു പറയാതെ കഴിച്ചുകൂട്ടുവാൻ, കൊച്ചി ഗവമ്മെണ്ടിനേയും മഹാരാജാവു തിരുമനസ്സിനേയും സദുദ്ദേശത്തോടുകൂടി പുകഴ്ത്തുവാൻ പടുവാപ്പുമായ മാർഗ്ഗത്തിലേക്കു് കൊച്ചിയെ തിരിച്ചുവിടുവാൻ ഈ വകുപ്പുകൾകൂടി മന്ത്രിയെ ഏല്പിച്ചുകൊടുക്കണമെന്നുള്ള ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

Rama Varmha Tampuran *(Secretary to Government)*: Sir, This is a subject that has come before this Council many a time and the Government have made their position on all those

LIBRARY ARCHIVES Kerala Legislative Assembly

occasions very clear. Six months after the reforms were first introduced in 1938 or in 1937 end, a resolution more or less on identical terms was moved in this House and the then-Secretary to Government read out a statement to the House explaining clearly the position of the Government with regard to this subject. Afterwards, repeatedly, once in every year certainly and sometimes more often, this subject had come up both during the legislative session and during the budget session; and every time the Government have made it abundantly clear that the Government are more or less one with the movers of the resolution. They have made it clear that from the very beginning they have declared that it is the intention of the Government to associate the elected representatives of the House more and more with the administration of the Government, and to this day, we have not gone back on that policy. Such being the case, there is no need for a reminder resolution so-to-say at every other short period. Government are fully aware of the anxiety of the wishes of the House and also of the public and there is no reason to think that the Government wish to go back on the statement that they have already made in this House. The resolution as it stands now reads like this:—"This Council recommends to the Government that the Departments of Medicine, Education and Public Works should immediately be transferred to the Minister as a further step towards the Constitutional reform of the State." There has been divided opinion in this House now as to what should be, so-to-say, the further step towards the constitutional reforms. I do not wish to enter into that controversy in great detail. But, however, it has to be noted that there is a section in this House as well as outside who might question whether this is an appropriate step after all in the next move. Without commenting on that suggestion, it has to be said that the Government cannot really be put to the duty of complying with a requisition like this which says that "the Departments of Medicine, Education and Public Works should immediately be transferred to the Minister as a further step." As was pointed out by the then Secretary to Government at the appropriate time for the further implementing of the announcements that were made 4½ or 5 years ago by His Highness the Maharaja, should vest in His Highness' Government. That discretion must be given to the Executive Government. So long as the Executive Government bears clearly in mind the wishes and anxieties of this House and so long as the House is convinced that the Executive Government is a really responsive Government in this State and that they are as anxious as the House is to be one with the elected half of the Council, so long as that situation continues, there should be no room for any injunction, so-to-say, from the elected part of this House, or from the non-official side of this House, to say that it must be done immediately. That time element, so-to-say, is a discretion vested in the Executive. They have to consider the question from very many angles and they can decide upon the next step in the general carrying out of the policy which they themselves outlined 5 years ago, and they alone are in a position to know, and so long as there is mutual confidence between the Executive Government of His Highness on the one side and the non-official side of this House, so long as there is that mutual confidence which exists now, there is no reason to fear that His Highness' Government is shelving this question by intentionally forgetting or unnecessarily trying to hamper the wishes of the House. Therefore, what I would suggest is that there is really no need for a resolution of this kind. I intentionally refrain from entering into some of the very controversial questions that were mooted in this House, and when I do so, I do it because they are not very relevant also upon the discussion of the motion in hand. Therefore, without even entering into those controversies and taking a definite attitude with regard to some of those points, I can categorically state that His Highness' intentions are still quite the same as they stood 5 years ago and there will be no room for any fear or anxiety on the part of this House or the public outside, that they have in the least any intention to go back. I do not wish to add very much more on this subject.

മിസ്റ്റർ സി. കെ. എസ്സ്. മണി: സർ, എന്റെ പ്രമേയത്തിനെതിരായി ഇവിടെ രണ്ടു ബഹുമാനപ്പെട്ട മെമ്പർമാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിലൊന്നു ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ മിസ്റ്റർ മൂത്തേടൻ ആണു്. അദ്ദേഹം എന്റെ പ്രമേയത്തിനു് എതിരായി പറഞ്ഞിട്ടുള്ള വാദം ഡയാക്കി ഭരണത്തിൽ അദ്ദേഹത്തിനു് വിശ്വാസമില്ല എന്നുള്ളതാണു്. അദ്ദേഹത്തിന്റെ ആ ആദർശത്തിൽ ഞാൻ അഭിനന്ദിക്കുകയല്ലാതെ പരിഭവിക്കുന്നില്ല. വേറെ ഒരു മാന്യ സാമാജികനായ കൊട്ടങ്ങല്ലൂർ മെമ്പർ മിസ്റ്റർ ഭാസ്കരമേനോനാണു് ഇതിനെ എതിർത്തതു്. ഇപ്പോഴത്തെ മന്ത്രിക്കു് നാഷണൽ വാർഫ്രണ്ടിന്റെ ലീഡർഷിപ്പുള്ളതുകൊണ്ടു് അദ്ദേഹത്തിനു കൂടുതൽ അധികാരങ്ങൾ വിട്ടുകൊടുക്കുന്നതായാൽ നാഷണൽ വാർഫ്രണ്ടിന്റെ പ്രവൃത്തികൾ ശരിയായി ചെയ്യുവാൻ സാധിക്കുകയില്ലെന്നു് അദ്ദേഹം സംശയിക്കുന്നു. ആ കാരണംകൊണ്ടുതന്നെ കൂടുതൽ അധികാരങ്ങൾ നമുക്കു വിട്ടുതരണമെന്നു് അഭ്യ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധപ്പെടുവാൻ കൂടുതൽ ന്യായമുണ്ടെന്നാണ് എനിക്കു പറയുവാനുള്ളതു്. ദിവാൻജിയവർകൾക്കാണെങ്കിൽ യുദ്ധസംബന്ധമായി ബഹുമാനപ്പെട്ട മന്ത്രിയേക്കാൾ എത്രയോ കൂടുതൽ ജോലികളുണ്ടു്. അതുകൊണ്ടു് ദിവാൻജിയവർകളിൽനിന്നു കുറെ അധികാരങ്ങൾ മന്ത്രിക്കു വിട്ടുകൊടുക്കുന്നതായാൽ ദിവാൻജിയവർകൾക്കു് യുദ്ധകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുവാൻ സാധിക്കുന്നതാണു്.

ഇനി ഗവൺമെണ്ടുഭാഗത്തുനിന്നു പറഞ്ഞ മറുപടിയെപ്പറ്റിയാണു് എനിക്കു പറയുവാനുള്ളതു്. ഗവൺമെണ്ടു സിക്രട്ടറി അവർകൾ സ്വതസിദ്ധമായ മധുരസ്വരത്തിൽ ഗവൺമെണ്ടിന്റെ നയത്തിൽ ഒരു വ്യത്യാസവുമില്ല എന്നു പറയുകയുണ്ടായി. അധികാരങ്ങൾ വിട്ടുതരണമെന്നുള്ളതാണു് മഹാരാജാവു തിരുമനസ്സിലെ ആഗ്രഹമെന്നും, ഇപ്പോഴുള്ള ഭരണഘടനാസമ്പ്രദായം അനുവദിച്ചു് ആറുമാസം കഴിഞ്ഞപ്പോൾതന്നെ ഈവകയിലുള്ള പ്രമേയം ഇവിടെ വരുകയുണ്ടായി എന്നും, അന്നു് ഗവൺമെണ്ടിന്റെ നില ഇന്നതാണെന്നു് വ്യക്തമാക്കീട്ടുണ്ടെന്നും, ഇപ്പോഴും ആ നിലയാണു് ഗവൺമെണ്ടിനുള്ളതെന്നും അദ്ദേഹം പറയുകയുണ്ടായി. എന്നാൽ എത്രകാലം ഞങ്ങൾ ഈ മറുപടിയും കേട്ടു് കാത്തിരിക്കണമെന്നാണു് ഞാൻ ചോദിക്കുന്നതു്. കൂടുതൽ ഉത്തരവാദിത്വഭരണം വിട്ടുകൊടുക്കുവാനുള്ള ഉചിതമായ സമയം ഇതാണെന്നാണു് എനിക്കു ഗവൺമെണ്ടിനെ ധരിപ്പിക്കുവാനുള്ളതു്. ഡയാക്കി ഭരണസമ്പ്രദായം വളരെ സഹകരണത്തോടുകൂടിയാണു് ഇവിടെ നടക്കുന്നതെന്നു് ഗവൺമെണ്ടു സിക്രട്ടറി തന്നെ പറയുന്നു. പിന്നെ എന്തു വിഷമമാണു് ഈ രണ്ടുമൂന്നു ഡിപ്പാർട്ടുമെണ്ടുകൾകൂടി വിട്ടുതന്നാൽ വരാൻപോകുന്നതെന്നു ഞാൻ ചോദിക്കുന്നു. അധികാരം കൈമാറാൻ വല്ല വിഷമവും പറയാനുണ്ടെങ്കിൽ, ബഹുമാനപ്പെട്ട ഡപ്യൂട്ടി പ്രസിഡണ്ടവർകളുടെ ഭാഷയിൽ പറയുകയാണെങ്കിൽ അതു് ഗവൺമെണ്ടിനുണ്ടാകാവുന്ന നിസ്സാരമായ ഒരു "ഇക്കിളി" മാത്രമാണു്. ആ നിസ്സാരമായ ഇക്കിളിയെ ഭയപ്പെട്ടു് ഗവൺമെണ്ടു് ഇത്രയും വലിയൊരു കാര്യത്തിൽ വിമുഖത കാണിക്കുകയാണെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഗവൺമെണ്ടിനു തന്നെയായിരിക്കുമെന്നു മാത്രമേ എനിക്കു പറയുവാനുള്ളു. ഞാൻ ഈ പ്രമേയത്തെ പ്രസ്സുചെയ്യുന്നു.

Resolution was put and carried, 21 for and 14 against

Mr. C. V. Iyyu *(Kunnamkulam):* I request the permission of the Hon'ble Deputy President to submit that the Diwan has fixed interview for the members of the Legislative Council this evening. The time fixed is 5 p.m. Originaly it was fixed at 7 p.m., but since it was known that today there is a black-out, he has refixed it at 5 p.m. There is only 15 minutes. I request that we may be allowed to rise earlier today.

The House rose for the day at 4-45 p.m.

K. S. RAGHAVAN
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly